ഏതായാലും, ഒരു വിനോദമായിട്ടാണ് നാടകം ഉണ്ടായിട്ടുള്ളതെന്നു, അതിലെ നൃത്തവിധാനങ്ങളും സംഗീതാദികളും തെളിയിക്കുന്നു. കാലക്രമേണ അതു സമുദായസ്ഥിതികളെ പരിഹസിക്കുന്നതിനും ഉപയോഗപ്പെട്ടു. 'മൃച്ഛകടികം' അശോകന്റെ രാജ്യഭരണത്തെ ആക്ഷേപിക്കുന്നു.

ഇതരസാഹിത്യപ്രസ്ഥാനങ്ങൾ പോലെ ദൃശ്യകാവ്യവും ഗുണദോഷസമ്മിശ്രമാണ്. സംസ്കൃത രൂപകങ്ങളിലെ ഇതിവൃത്തം കല്പിതമല്ല; പ്രത്യുത, പുരാണകഥകളെ അവലംബിച്ച് എഴുതപ്പെട്ടവയാണ്. കല്പിതകഥകളുടെ അഭാവം നവനവങ്ങളായ വീക്ഷണഗതികളും ആദർശങ്ങളും നാടകരചയിതാക്കൾക്ക് ഉണ്ടായിരുന്നില്ലെന്നുള്ളതിനു സാക്ഷ്യം വഹിക്കുന്നു. നിരവധി നിയമശൃംഖലകളാൽ സംസ്കൃതകവികൾ ബന്ധിതരായിരുന്നുവെന്നുള്ളതും കല്പിതകഥാഭാവത്തിനു നിദാനമാണ്.

കഥാപാത്രചിത്രണത്തിൽ യാതൊരു തരത്തിലുള്ള വൈചിത്ര്യവും അനുഷ്ഠിച്ചിരുന്നില്ല. പ്രധാന കഥാപാത്രങ്ങൾ മനുഷ്യാതീതന്മാരായ ദേവന്മാരോ, മനുഷ്യരിൽ ഉൽകൃഷ്ടരായ രാജാക്കന്മാരോ, മാത്രമാണ്. തന്മൂലം സാഹിത്യം ഒരിക്കലും പുരോഗമനപരമായിരുന്നില്ല. സകല നാടകങ്ങളിലും സമഗുണന്മാരായ നായകന്മാരെ പ്രവേശിപ്പിക്കുന്നതുമൂലം വൈചിത്ര്യവിഹീനത്വവും, തദ്വാരാ, സാഹിത്യത്തിനപകർഷവും ഉണ്ടാവുന്നു. ഈ ഒരു ന്യൂനത സംസ്കൃതനാടകങ്ങളുടെ മേന്മയെ ഗുരുതരമായി ബാധിക്കുന്നുണ്ട്.

നായകചരിത്രത്തിലെ പ്രധാനഭാഗം അദ്ദേഹത്തിന്റെ പ്രണയജീവിതമോ, അദ്ദേഹം നടത്തുന്ന രാഷ്ട്രസ്ഥാപനമോ, ധർമ്മസ്ഥാപനമോ ആയിരിക്കും. ശാകുന്തളം ആദ്യത്തേതിനും നാഗാനന്ദം അവസാനത്തേതിനും ദൃഷ്ടാന്തം വഹിക്കുന്നു. പ്രേമകഥാനിബന്ധനത്തിൽ പൌരസ്ത്യരും പാശ്ചാത്യരോടൊപ്പം തന്നെ വിജയികളായിട്ടുണ്ട്. ജൂലിയറ്റും, വയോളയും, മിറാൻഡയും മററും പാശ്ചാത്യരുടെ, അഥവാ, ആംഗ്ലേയരുടെ പ്രേമപ്രദീപങ്ങളാണെങ്കിൽ, ശകുന്തളയും, മാലതിയും, രത്നാവലിയും മററും ഭാരതീയരുടെ പ്രേമവൈജയന്തികളാണ്. ഏതാദൃശവ്യക്തികളുടെ സ്വഭാവം, ജീവിതം മുതലായവയിൽക്കൂടി ധാരാളം സാജാത്യങ്ങളുണ്ട്. ശകുന്തളയുടേയും സീതയുടേയും അനുഭവങ്ങളെ ഷേക്സ്പിയറുടെ ഹെർമ്മിയോൺ, ഐമോജൻ എന്നിവരുടെ അനുഭവങ്ങളോടു ഏതാണ്ടു സാദൃശ്യപ്പെടുത്താം. സ്വഭാവത്തിൽ സീതയും ഡെസ്ഡമോണയും സാഹോദര്യം വഹിക്കുന്നു. ഭവഭൂതിയുടെ മാലതീമാധവന്മാരിൽനിന്നും വളരെ വ്യത്യസ്തരല്ല, ഷേക്സ്പിയറുടെ ജൂലിയററും റോമിയോവും. അതുപോലെതന്നെ കാളിദാസന്റെ മാളവികയേയും, ഹർഷന്റെ രത്നാവലിയേയും ഷേക്സ്പിയറുടെ വയോളയോടു താരതമ്യപ്പെടുത്താം. ഇപ്രകാരം പ്രേമകഥാനിബന്ധനത്തിൽ, സംസ്കൃതകവികൾ പ്രശസ്യമാംവണ്ണം വിജയികളായിട്ടുണ്ടെന്നുള്ളതു സംശയമററ സംഗതിയാണ്. എന്നാൽ വിപുലമായ മാനവസമുദായത്തേയും, ജീവിതത്തേയും, മുൻപ്രസ്താവിച്ച ആദർശത്രയങ്ങൾകൊണ്ടു മാത്രം അവലോകനം ചെയ്യുന്നത് ഏററവും സങ്കുചിതമായ ഒരു വീക്ഷണമായി പരിണമിക്കുന്നു. ഇതു സംസ്കൃതനാടകങ്ങളുടെ മറെറാരു ദോഷമാണ്.

ഇപ്രകാരം, പ്രാചീനകവികൾ പരിരംഭണം ചെയ്ത നാടകപ്രസ്ഥാനം യാഥാർത്ഥ്യപരമല്ല. ആദർശപരമാണെങ്കിലും, അതു സാമുദായികജീവിതത്തെ പ്രതിഫലിപ്പിക്കുന്നില്ല. പുരോഗമനോന്മുഖമായ പൌരസ്ത്യസാഹിത്യത്തെ അതു മുന്നോട്ടു കൊണ്ടുപോയിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അവരെല്ലാംതന്നെ ആജ്ഞാനുവർത്തികളും സാഹിത്യനിയമങ്ങളുടെ പരമാധികാരത്തിന്റെ അടിമകളുമായിരുന്നു. കുടുംബജീവിതത്തിലും, രാഷ്ട്രീയകാര്യങ്ങളിലുമെന്നപോലെ തന്നെ, സാഹിത്യത്തിലും, അവർ തികഞ്ഞ യാഥാസ്ഥിതികന്മാരായിരുന്നു. മതതത്വങ്ങളും ആചാരങ്ങളും

മെന്നപോലെ സാഹിത്യനിയമങ്ങൾ അവർ വിശ്വസിക്കുകയും, ആ ശൃംഖലകളുടെ സങ്കുചിതമായ പരിധിക്കുള്ളിൽ സ്ഥിതിചെയ്തുകൊണ്ടു സാഹിത്യ വ്യവസായം നടത്തുകയും ചെയ്തു. അവർ വായനക്കാരുടെ മൃദുലവികാരങ്ങളെ ഉണർത്തുന്ന ഒരു സിരാതന്തുവിനേയും സ്പർശിക്കുന്നില്ല. അവർ നമ്മുടെ ഹൃദയത്തെ ആകർഷിക്കുന്നില്ല. അവരുടെ കൃതികൾ നമ്മുടെ ബുദ്ധിശക്തിയെയല്ലാതെ ഹൃദയത്തെ സ്പർശിക്കുന്നില്ല. ചുററും കാണുന്ന ലോകത്തെ സാഹിത്യദ്വാരാ പ്രതിഫലിപ്പിക്കുവാൻ അവർ യത്നിച്ചിട്ടില്ല. അവരുടെ നാടകങ്ങളിൽകൂടി ആവിഷ്കൃതമായിരിക്കുന്ന ലോകം തികച്ചും യഥാതഥമല്ല. സംസ്കൃതനാടകങ്ങളിൽ മിക്കവയും കാവ്യമധുനിഷ്യന്ദികളാണ്; അവയിലെ വർണ്ണനയുംമററും സമഞ്ജസമാണ്; അതോടൊപ്പംതന്നെ ചുററുമുള്ള ലോകത്തെ സമ്യക്കാകുംവണ്ണം പ്രതിഫലിപ്പിക്കുവാൻ അവ ശ്രമിച്ചിട്ടില്ലെന്നും പറയേണ്ടിയിരിക്കുന്നു. അതുകൊണ്ട് അവക്കു കലാപരമായ ഉൽക്കർഷമില്ലെന്നനുമാനിക്കുന്നതു മൌഢ്യമായിരിക്കും. കലാസൃഷ്ടികൾക്കു നൂതനത്വം കൈവരണമെങ്കിൽ പുരാണസങ്കേതങ്ങളെ പരിത്യജിച്ച്, ചുററുപാടുമുള്ള ലോകത്തിലേക്കു കലാകാരന്റെ കണ്ണുകൾ പായണം. രമണീയങ്ങളായ വസ്തുക്കളിൽനിന്നു മാത്രമേ കലാസൃഷ്ടികൾക്കു വിഷയാദാനം ചെയ്യാൻ പാടുള്ളു എന്ന മതത്തിന് അല്പംപോലും അടിസ്ഥാനമില്ല കലാകാരന്റെ മനസ്സിനെ വികാരതരളിതമാക്കുന്ന ഏതു വസ്തുവും കലാസൃഷ്ടികൾക്കു നിദാനമാകാം.

മനുഷ്യാതീതന്മാരായ ദേവന്മാരെ പാത്രങ്ങളായി സംവിധാനം ചെയ്ത് അവരുടെ വിവിധാനുവർത്തനങ്ങളെ വിശദീകരിക്കുന്നതു ബഹുലീഭവിക്കുന്നതുമൂലം സദാചാരജീവിതകേന്ദ്രത്വം അവരിൽനിന്നും തിരോഭൂതമാകുന്നു. തന്മൂലം സംസ്കൃതനാടകങ്ങളുടെ പാത്രസംവിധാനസ്വഭാവം മനുഷ്യന്റെ ആധ്യാത്മികത്വത്തെ അധഃപതിപ്പിക്കുന്നതിനു പര്യാപ്തമായിഭവിക്കുന്നു.

സംസ്കൃതാചാര്യന്മാരുടെ നവരസസിദ്ധാന്തം സർവ്വപാർശ്വസ്പർശിയാകുന്നില്ല. മനുഷ്യന്റെ വികാരവിചാരങ്ങൾ ഈ ഇടുങ്ങിയ സീമകളിൽ നിലകൊള്ളുകയില്ല. എന്നു തന്നെയുമല്ല, നവരസസിദ്ധാന്തം കാവ്യത്തിന്റെ വൈചിത്ര്യത്തെയും നിഹനിക്കുന്നുണ്ട്. കഥാപാത്രങ്ങളുടെ വിവിധവികാരപ്രകടനത്തിനു നവരസങ്ങൾ അശക്യങ്ങളായി ഭവിക്കുന്നു.

സംസ്കൃതനാടകങ്ങളൊന്നിലും തന്നെ സംഭവങ്ങൾ രംഗത്തിൽ പ്രദർശിതങ്ങളാകുന്നില്ല. കഥാപാത്രങ്ങളുടെ സംഭാഷണംമൂലമാണു ആ കൃത്യം നിർവ്വഹിക്കപ്പെടുന്നത്. ഇതു പാശ്ചാത്യനാടകങ്ങളുമായി സംസ്കൃതനാടകങ്ങൾക്കുള്ള ഒരു പ്രധാന വ്യത്യാസമാണ്. സംഭവശൂന്യത ഭാരതീയനാടകങ്ങളുടെ അസാരസ്യത്തിന് ഒരു പ്രധാന ഹേതുവാണ്.

എന്നാൽ പ്രതിപാദനഭംഗിയിൽ ശരിയായ നിഷ്കർഷയുണ്ടായിരുന്നുവെന്നുള്ള വസ്തുത സ്മരണീയമാണ്. വചോവിലാസത്തിനു മകുടോദാഹരണങ്ങളായി പല നാടകങ്ങളും പരിശോഭിക്കുന്നുണ്ടെന്നതും വിശേഷിച്ചുവധേയമാണ്. എന്നാൽ, അവയിലും, പ്രധാന ഘടകങ്ങൾ, പഴയതുതന്നെയാണ്.

ലാളിത്യാദി ഗുണങ്ങൾ ദൃശ്യമാകുന്നുണ്ടെങ്കിലും, ആശയഗാംഭീര്യം കുറവാണ്; ശബ്ദാലങ്കാരസന്നിവേശംകൊണ്ട് ശബ്ദഭംഗി സാധിക്കുന്നുണ്ടെന്നു മാത്രമേയുള്ളു. സംഗീതാസ്വാദനം സാധിക്കുന്നതുമൂലം കവികൾ ഗദ്യത്തേക്കാളധികം പദ്യത്തേയാണിഷ്ടപ്പെടുന്നത്. വചോവിലാസപ്രദർശനത്തിനു പദ്യം ഗദ്യത്തെ അപേക്ഷിച്ച് കൂടുതൽ സന്ദർ

വും പ്രദാനം ചെയ്യുമല്ലൊ. തദ്വിധം, ഇതിവൃത്തം, കഥാപാത്രം, രസം, രംഗം എന്നിവയിലുള്ള വൈചിത്ര്യവിഹീനത്വം സംസ്കൃതനാടകങ്ങളുടെ ഗുണോല്ക്കർഷത്തെ, അദ്യാപി, അധഃകരിച്ചിട്ടുണ്ടെന്നുള്ളതിൽ പക്ഷാന്തരമില്ല. ഇപ്രകാരം സംസ്കൃതനാടകപ്രസ്ഥാനം ചലനരഹിതമായി, യാതൊരു പരിവർത്തനവും കൂടാതെ നിലകൊള്ളുന്നു. ലോകത്തിന്റെ ജീവൻ ചലനമാണ്. ഡാർവ്വിന്റെ പരിണാമവാദവും, ഐൻസ്റ്റീന്റെ സിദ്ധാന്തവും, വേദാന്തശാസ്ത്രവും എല്ലാംതന്നെ ഈ തത്വത്തെ ഉദാഹരിക്കുന്നു.

നാടകനിർമ്മാണം നമുക്കുള്ള അനുകരണത്തിന്റെ ഫലമാണെന്നിരുന്നാലും, പ്രാചീനദൃശ്യകാവ്യങ്ങൾക്ക് വിശ്വസാഹിത്യവുമായി താരതമ്യം ചെയ്യുമ്പോൾ ഏതെല്ലാം വിധത്തിലുള്ള വൈശിഷ്ട്യാഭാവങ്ങളുണ്ടെന്നിരുന്നാലും, ഇതിൽക്കൂടി ഭാരതീയർക്ക് ഇതരരാജ്യക്കാരിൽനിന്നുള്ള വിശേഷം മനസ്സിലാക്കാവുന്നതാണ്.

ഈജിപ്തുകാർ അതീവ സംസ്കാരസമ്പന്നന്മാരായിരുന്നുവെങ്കിലും, അവരുടെ ഉൽകൃഷ്ടചരിത്രത്തിൽ നാടകനിർമ്മാണത്തിനും നാട്യശാസ്ത്രനൈപുണ്യത്തിനും സ്ഥലം കാണുന്നില്ല. അറബികൾക്കും പേർഷ്യാക്കാർക്കും മഹത്തായ ഓരോ സാഹിത്യങ്ങളുണ്ടെങ്കിലും മുൻകാലങ്ങളിൽ നാടകകർത്താക്കന്മാരായി നാം ആരേയും അവിടെ കാണുന്നില്ല. ഏതാണ്ട് ഇതുപോലെ തന്നെയായിരുന്നു യൂറോപ്പിലേയും സ്ഥിതി. പതിനഞ്ചാം നൂറ്റാണ്ടിൽ മാത്രമേ നാടകാഭിനയത്തിന്റെ പ്രഥമപ്രവേശം ഉണ്ടായിട്ടുള്ളു. യവനദേശത്ത് 'ആറ്റിക്ക' എന്ന സ്ഥലത്തു മാത്രം പ്രാക്തനകാലങ്ങളിൽ തന്നെ നാടകകർത്താക്കന്മാർ ഉണ്ടായിട്ടുണ്ടെന്നു പറയപ്പെടുന്നു. സ്പെയിൻകാരും പോർത്തുഗീസുകാരും അയൽപക്കക്കാരാണെങ്കിലും, പോർത്തുഗീസുകാർക്ക് ഇന്നും നാടകസാഹിത്യം ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മറ്റു വിവിധ സാഹിത്യപ്രസ്ഥാനങ്ങളിലും, എന്നു തന്നെയല്ല, തത്വശാസ്ത്രത്തിലും, വിശേഷാത്തരപ്രഖ്യാതി സമാർജ്ജിച്ച ജർമ്മൻകാർക്കുകൂടി രൂപകസാഹിത്യത്തിൽ പ്രസ്താവ്യമായ സ്ഥാനമില്ല. എന്നാൽ ഇംഗ്ലീഷുകാരെ സംബന്ധിച്ചിടത്തോളം ഈ ന്യൂനതക്കവകാശമില്ല. സാഹിത്യസാമ്രാജ്യാധിപനായ ആ കലാകാരന്റെ—ഷേക്സ്പിയറുടെ—ജനനംകൊണ്ടുതന്നെ ഹൗണീദേവി പുണ്യവതിയായിത്തീർന്നു.

എന്നാൽ ഭാരതീയരാണ്—മററനേകകാര്യങ്ങളിലെന്നപോലെ തന്നെ—ഈ വിഷയത്തിലും ലോകമാന്യന്മാർ. കാളിദാസാദികളുടെ നാടകങ്ങൾക്ക് ഭൂമണ്ഡലത്തിലെ ഏതു സാഹിത്യത്തിലേയും ഉത്തമകൃതികളോടു താരതമ്യം ചെയ്തുനോക്കിയാലും, പരാജയം സംഭവിക്കയില്ലെന്നു പാശ്ചാത്യന്മാർപോലും സശിരഃകമ്പം സമ്മതിച്ചിട്ടുണ്ട്.

ക്രിസ്തുവിനു മുമ്പു ജീവിച്ചിരുന്ന ആളാണെന്നു പാശ്ചാത്യർപോലും സമ്മതിച്ചിട്ടുള്ള കാളിദാസൻ, അന്നു പ്രസിദ്ധിയുള്ള ഭാസൻ, സൌമില്ലൻ, കവിപുത്രൻ എന്നിവരുടെ വിശിഷ്ടനാമങ്ങളെ രേഖപ്പെടുത്തിയിരിക്കുന്നു. സംസ്കൃതസാഹിത്യത്തിന്റെ പ്രാചീനത്വം നോക്കുക! മഹാഭാഷ്യത്തിൽ ഒരു 'കംസവധ'നാടകത്തെപ്പററി പ്രസ്താവിച്ചിട്ടുണ്ട്. ഭാഷ്യകാരനായ പതഞ്ജലി ക്രിസ്ത്വാബ്ദത്തിനു രണ്ടു ശതാബ്ദങ്ങൾ മുമ്പാണു ജീവിച്ചിരുന്നത്. ഇതോടുകൂടി, വളരെ പൌരാണികമെന്നു സർവ്വസമ്മതമായ ഭരതന്റെ നാട്യശാസ്ത്രത്തിൽ പറയപ്പെടുന്ന നാടകാഭിനയസാമഗ്രികളുടെ വിവരണവും വച്ചു നോക്കുമ്പോൾ, ക്രിസ്തു ജനിക്കുന്നതിന് എത്രയോ മുമ്പുതന്നെ നാടകനിർമ്മാണം ഭാരതത്തിൽ ധാരാളമായി പ്രചരിച്ചിരുന്നുവെന്ന് സുസ്പഷ്ട

മാകുന്നതാണ്. ഭരതൻ നാട്യശാസ്ത്രകാരന്മാരിൽ ഒടുവിലത്തെ ആളായിരുന്നുവെന്നുള്ളതും വിശേഷിച്ചവധാര്യ്യമാണ്.

[ഈ ലേഖനത്തിൽ വളരെ അവാസ്തവപ്രസ്താവങ്ങൾ അടങ്ങിയിരിക്കുന്നു—*Ed.*)

---

## ആ രത്നഹാരം or ശാരദ

P. S. Gopinathan Nair, II Class.

മനോഹരമായ ഒരു സായാഹ്നം. അസ്തമനസൂര്യ്യന്റെ ചെങ്കതിരുകൾ പ്രകൃതിദേവി പൂർവ്വാധികം ആകർഷകമായിത്തീർന്നു. അന്നു "സുരേന്ദ്രൻ" പതിവനുസരിച്ചു വന്നുചേർന്നില്ല. ശാരദയ്ക്കു അല്പം മനശ്ചാഞ്ചല്യം ഉണ്ടായി. അവൾ അക്ഷമയായി അദ്ദേഹത്തിന്റെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഏകദേശം ഒരുനാഴിക കഴിഞ്ഞപ്പോൾ സുസ്മേരവദനനായ ഒരു കോമളയുവാവു അവിടെ കയറിവന്നു. ശാരദയുടെ വദനം സന്തോഷത്താൽ തുടുത്തു. അവൾ അകത്തുപോയി അദ്ദേഹത്തിനു കാപ്പി കൊണ്ടുവന്നു കൊടുത്തു. കാപ്പികുടി കഴിഞ്ഞതിനുശേഷം സുരേന്ദ്രൻ സംഭാഷണം ആരംഭിച്ചു.

സുരേന്ദ്രൻ—ശാരദേ! നമ്മുടെ വക്കീൽസാറു ഒരു വിരുന്നുസല്ക്കാരം നടത്തുന്നുണ്ടു്. അതിനു നിന്നെക്കൂടി ക്ഷണിച്ചിട്ടുണ്ടു്.

ശാരദ—(പരിഭവസ്വരത്തിൽ) അതുകൊണ്ടു് എനിക്കെന്താ? നാലുപേരുടെ മുമ്പിൽ പോകാനുള്ള വേഷവിധാനങ്ങളൊന്നും എനിക്കില്ലല്ലോ.

സു:—അതുകൊണ്ടു്, എന്തു വേണമെന്നാണു് "ശാരി" പറയുന്നതു്?

ശാ:—പറഞ്ഞതുകൊണ്ടു് ഫലമില്ലല്ലോ.

സു:—ഫലമില്ലെന്നു നിശ്ചയിക്കാറായില്ലല്ലോ: ഒന്നു പറഞ്ഞേക്കണം.

ശാ:—വേണ്ടപോലെയുള്ള ഒരുക്കങ്ങൾ എല്ലാം എനിക്കു വേണം. കൂടാതെ, ഒരു രത്നമാലയും മററും ഇല്ലാതെ ഞാൻ വരുന്നില്ല.

സുരേന്ദ്രൻ കഠിനമായി പശ്ചാത്തപിച്ചു. തന്റെ പ്രാണപ്രേയസിയുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കാൻ നിവൃത്തിയില്ലല്ലോ എന്നു വിചാരിച്ചു് അയാൾ സന്തപിച്ചു. എന്നാൽ ഇതൊന്നും വേണ്ടെന്നു വിചാരിച്ചു് പോകാമെന്നു വച്ചാൽ തന്റെ ഹൃദയാന്തർഭാഗത്തു് വേരൂന്നിയിരുന്ന ആ പ്രേമം—അതേ! അതു് അനുവദിക്കുകയും ഇല്ല. ഒടുവിൽ അയാൾ തന്റെ പ്രിയതമയുടെ ആഗ്രഹനിവൃത്തിയ്ക്കു് ഒരു വഴി കണ്ടുപിടിച്ചു്, ഇപ്രകാരം പറഞ്ഞു:

സു:—ആകട്ടെ, ശാരദേ! നീ എന്നോടു് എല്ലായ്പ്പോഴും ഒരാളെപ്പററി പറയാറുണ്ടായിരുന്നില്ലേ! ഏതോ ഒരു പേഷ്ക്കാരുടെയോ മറേറാ മകൾ....അയ്യോ! എന്താണു് നിന്റെ ആ സ്നേഹിതയുടെ പേരു്?....

ശാ:—എന്തിനാണു് "കമല"യുടെ പേർ അന്വേഷിക്കുന്നതു്? വിവാഹം ചെയ്യാനോ മറേറാ പോകുന്നുണ്ടോ?

സു:—അതേ! അതേ! കമല! നിനക്കു് എപ്പോഴും കളിയാണല്ലോ. നീ കമലത്തിനോടു് രത്നമാലയും മററും വാങ്ങിക്കൊണ്ടുവന്നു് വിരുന്നുസല്ക്കാരത്തിനു പോകണം. പിന്നീടു് അതു കൊടുത്താൽ മതിയല്ലോ.

അല്പം വിസമ്മതത്തോടുകൂടിയെങ്കിലും ശാരദ തന്റെ ഭർത്താവിന്റെ നിർദ്ദേശാനുസരണം ചെയ്യാൻ നിശ്ചയിച്ചു.

സ്ത്രീസഹജമായ ആഭരണാദികളിലുള്ള ഭ്രമംകൊണ്ടും, വിരുന്നുസല്ക്കാരത്തിനുപോയി തന്റെ സൌന്ദൎയ്യധോരണി പ്രദൎശിപ്പിക്കുന്നതിനുള്ള ആഗ്രഹംമൂലവും, ശാരദ തന്റെ ഹൃദയവല്ലഭന്റെ നിൎദ്ദേശപ്രകാരം രത്നമാലയും മററും വാങ്ങിക്കൊണ്ടുവന്നു. വിരുന്നുസല്ക്കാരദിനം സൎവ്വാഭരണവിഭൂഷിതയായി, ദൈവദത്തമായ തന്റെ സൌന്ദൎയ്യത്തിന് ആവുംവിധത്തിൽ മാററുകൂട്ടി, തന്റെ പ്രിയതമനോടുകൂടി, ശാരദ വക്കീൽസാറിന്റെ ഭവനത്തിൽ എത്തി. യൌവ്വനയുക്തയായ ആ തരുണീരത്നം എല്ലാവരുടേയും സംഭാഷണവിഷയമായിത്തീൎന്നു.

വിരുന്നുസല്ക്കാരം വളരെ കെങ്കേമമായി കഴിഞ്ഞു. സന്തോഷസമേതം എല്ലാവരും പിരിഞ്ഞുതുടങ്ങി. "ശാരദ"യും തന്റെ ആത്മവല്ലഭനോടുകൂടി അവിടെനിന്നും തിരിച്ചു. ആ നവദമ്പതികൾ പല കാൎയ്യങ്ങളെക്കുറിച്ചും സരസമായി സംഭാഷണം ചെയ്തു. ആനന്ദസമുദ്രത്തിൽ ആറാടിയിരുന്ന ശാരദ ഇപ്രകാരം പറഞ്ഞു:

ശാ:---- നിൎവ്വികാരന്മാരായ ചില തത്വാന്വേഷികൾ ലോകം ദുഃഖപൂൎണ്ണമായ ഒന്നാണെന്നു പറഞ്ഞിട്ടുള്ളത് ഓൎക്കുമ്പോൾ ഞാൻ അത്ഭുതപ്പെടുന്നു. എനിക്കാകട്ടെ, അത് വികസിച്ച റോസാപ്പുഷ്പംപോലെ മനോഹരവും, സുന്ദരവും ആയി തോന്നുന്നു.

സു:—ഞാൻ ആ അഭിപ്രായത്തോട് യോജിക്കുന്നുണ്ടെന്നു പറയാൻ നിവൃത്തിയില്ല. സുഖവും, ദുഃഖവും ഇടകലൎന്ന ഒരു ലോകമാണ് ഇത്.

"അഴലും സുഖവും സ്ഫുരിപ്പതും,
നിഴലും ദീപവുമെന്നപോലവെ,"

എന്ന കവിവാക്യം ശരിയാണെന്ന് എനിക്കു തോന്നുന്നു.

ഇത്രയുമായപ്പോഴേക്കും അവർ അവരുടെ വസതിയോട് അടുത്തു. അവർ സംഭാഷണം തുടൎന്നുകൊണ്ടിരുന്നു. പെട്ടെന്ന്, ശാരദ "അയ്യോ" എന്ന ഒരു ദീനസ്വരം പുറപ്പെടുവിച്ചു. കമലത്തിനോടു വാങ്ങിയ രത്നമാല കാണുന്നില്ല. അവൾ ഉറക്കെ നിലവിളിച്ചുതുടങ്ങി. സുരേന്ദ്രൻ അവളെ സമാധാനപ്പെടുത്തി പരിസരപ്രദേശങ്ങളെല്ലാം പരിശോധിച്ചു. സുരേന്ദ്രൻ വക്കീൽസാറിന്റെ ഗൃഹത്തിൽ പോയി അന്വേഷണങ്ങൾ നടത്തി. ഫലം തഥൈവ. ആദ്ദേഹം തിരിയെ വന്നു അവർ അത്യഗാധമായ നിരാശാഗൎത്തത്തിലേക്കു താണു. ശാരദയുടെ "മനോഹരവും സുന്ദരവും ആയ ലോകം" അന്ധകാരമയമായിട്ടാണ് അവൾക്കു ഇപ്പോൾ തോന്നിയത്. എത്ര പെട്ടെന്നാണ് അവരുടെ സ്ഥിതി വ്യത്യാസപ്പെട്ടത്. അവരുടെ ശോചനീയ സ്ഥിതി! അഹോ! ഓൎക്കുവാൻകൂടി വയ്യ! രത്നമാലയുടെ വിലയോ? 10000 രൂപാ!!! നോക്കണേ ലോകത്തിന്റെ തകിടംമറിച്ചിൽ!!

* * *

സുരേന്ദ്രൻ വലിയ പരുങ്ങലിലായി. രത്നമാലയും മററും എല്പിക്കാനായി കമലം ആളയച്ചു. അയാൾ ചില ബാങ്കുകളിൽനിന്നും ഭീമമായ തുകകൾ കടം എടുത്തു ദയാലുക്കളായ മററു പലരിൽനിന്നും പ്രോമനോട്ടുമുഖാന്തിരം രൂപാ വാങ്ങി. എല്ലാംകൂടി രത്നമാല വാങ്ങുന്നതിനുള്ള രൂപാ തികഞ്ഞു. സുരേന്ദ്രൻ പല ഷാപ്പുകളിലും അന്വേഷിച്ചു. ഒടുവിൽ പൊയ്പ്പോയതിനു ഏകദേശ സാമ്യം ഉള്ള ഒരെണ്ണം അയാൾ കണ്ടെത്തി. തന്റെ പ്രിയതമയുടെയും തന്റെയും മാനസംരക്ഷണത്തിനുവേണ്ടി അയാൾ ആ മാല വാങ്ങിക്കൊണ്ടുവന്നു. ആ ദമ്പതികൾ തങ്ങളുടെ ഭാവിയെപ്പററി ആലോചിച്ചു. അതു ദുഃഖപൂൎണ്ണവും, അന്ധകാരമയവുമായിട്ടാണ് അവൎക്കു തോന്നിയത്.

അടുത്ത ദിവസംതന്നെ ശാരദ രത്ന

മാലയും മററാഭരണങ്ങളും തിരിയെ കൊണ്ടു കൊടുത്തു. "കമല"യാകട്ടെ, ശാരദയിലുള്ള വിശ്വാസംമൂലം അവയൊന്നും പരിശോധിക്കുകയും ചെയ്തില്ല. അവൾ തിരിയെ വന്നു. എന്തോ വലുതായ ഒരു ഭാരം തന്നിൽനിന്നും ഒഴിഞ്ഞിട്ടും ശാരദയ്ക്കു് ആശ്വാസത്തിനു പകരം, തീവ്രമായ മനോവേദനയാണുണ്ടായതു്.

* * *

വത്സരം മൂന്നു കഴിഞ്ഞു. ഹാ! പ്രിയപ്പെട്ട വായനക്കാരേ! മദ്ധ്യവയസ്കയായ ശാരദയെ ഒന്നു നോക്കണം! 60 വയസ്സായ ഒരു പടുകിഴവിയാണെന്നു് ആരും പറയും. പോരെങ്കിൽ അവൾ ഒരു വിധവയുമാണു്. അവളെ പ്രാണതുല്യം സ്നേഹിച്ചിരുന്ന ആ ഭർത്താവു് അകാലമരണം പ്രാപിച്ചു. ഇപ്പോഴത്തെ അവളുടെ തൊഴിലോ? അതിലും കഷ്ടം! അവൾ ഒരു ഹോട്ടലിലെ വേലക്കാരിയാണു്.

ശാരദ, തന്റെ സന്തോഷപ്രദമായ ഭൂതകാലങ്ങളെ ഓർത്തു് കണ്ണുനീർപൊഴിക്കാത്ത ഒരു ദിനംപോലും ഉണ്ടായിരുന്നില്ല. പ്രാണനാഥനും ഒരുമിച്ചു് സ്വൈരസല്ലാപം ചെയ്ത ആ മനോഹരനിമിഷങ്ങൾ — ആനന്ദസമ്പൂർണ്ണമായ മധുവിധു—ദുഃഖത്തിന്റെ കണികപോലും ഇല്ലാതെ കഴിച്ച അനന്തരജീവിതം—ഇതെല്ലാം ഒരു ചലച്ചിത്രത്തിലെന്നപോലെ അവളുടെ മനസ്സിൽകൂടി പാഞ്ഞുകൊണ്ടിരുന്നു.

ഒരു സായാഹ്നത്തിൽ ശാരദ ഒരു റൊട്ടിക്കഷണവും കടിച്ചു തിന്നുകൊണ്ടു് തെരുവീഥിയിൽകൂടി പോകുകയായിരുന്നു. ആ തെരുവിൽകൂടി അവളെപ്പോലെയുള്ള അനവധി നികൃഷ്ടജീവികൾ പൊയ്ക്കൊണ്ടിരുന്നു. അതേസമയംതന്നെ സ്വർണ്ണാഭരണവിഭൂഷിതകളായ അനേകം കാമിനീമണികൾ അവളെ കടന്നു പൊയ്ക്കൊണ്ടിരുന്നു. എന്നാൽ അവരിൽനിന്നും ഒരു കരുണാകടാക്ഷംകൂടി ലഭിക്കുന്നില്ലല്ലോ എന്നോർത്തു് അവൾ പശ്ചാത്തപിച്ചു. അടുത്തനിമിഷം, താനും ഒരു കാലത്തു ഇപ്രകാരം പ്രവർത്തിച്ചിട്ടുണ്ടെന്നു ഓർത്തു് ആശ്വസിച്ചു. കുറേദൂരം നടന്നപ്പോൾ, അവൾ തനിക്കെതിരായി ഒരു മോഹനഗാത്രി വരുന്നതു കണ്ടു. ആ മുഖം, അവൾക്കു വളരെ പരിചയമുള്ളതായി തോന്നി. ശാരദ അടുത്തുചെന്നു് "കമലം" എന്നു വിളിച്ചു. അവളുടെ ആത്മസുഹൃത്തായിരുന്ന കമലം തന്നെയായിരുന്നു അതു്. കമലം തിരിഞ്ഞുനിന്നു. ഒരത്ഭുതഭാവമാണു് കമലത്തിന്റെ മുഖത്തുണ്ടായതു്. ആ സാധ്വീമണി വളരെ താഴ്ന്ന സ്വരത്തിൽ ഇപ്രകാരം പറഞ്ഞു:

കമലം :—സഹോദരി! ഞാൻ ഓർക്കുന്നില്ലല്ലോ. വളരെ പരിചയമുള്ളതായി തോന്നുന്നു.

ശാരദ :—കമലം! നിന്റെ സ്നേഹിത ശാരദയെ ഓർക്കുന്നില്ലേ?

കമലം ശാരദയുടെ കൈക്കു് കടന്നു പിടിച്ചുംകൊണ്ടു പറഞ്ഞു: "ശാരദേ! എന്റെ തെററു് ക്ഷമിക്കണം. നിന്റെ സ്ഥിതി ഇപ്രകാരമാകാൻ കാരണം എന്തു്?

ശാരദ :—ഹാ! കമലം! അന്നു ഞാൻ വാങ്ങിയ രത്നമാല പൊയ്പ്പോയി. പിന്നീടു് 10000 രൂപാ കടംവാങ്ങിയാണു് അതു വാങ്ങിക്കൊണ്ടു തന്നതു്. കുറേനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം....മരിച്ചു. കടക്കാർ വീടുംമററും വിററുകൊണ്ടുപോകയും ചെയ്തു. ഞാൻ ഇപ്പോൾ, ഒരു ഹോട്ടലിൽ.......വേലക്കാരിയാണു്.

കമലം :—കഷ്ടം! ശാരദേ, ഞാൻമൂലം ഭവതിക്കു് ഈ സ്ഥിതി വന്നല്ലോ. ഞാൻ കഠിനമായി വ്യസനിക്കുന്നു എന്നല്ലാതെ എന്തു പറയേണ്ടു. എന്റെ കൈവശം ഉണ്ടായിരുന്ന രത്നമാലയ്ക്കു് 500 രൂപായേ വിലയുള്ളു. അതു് വെറും "ഇമിറേഷൻ" മാത്രമായിരുന്നു.

ശുഭം!!!

യുദ്ധതമസ്സ് ലോകമാസകലം വ്യാപിച്ച്, മനുഷ്യനെക്കൊണ്ട് പൈശാചികനൃത്തം വെയ്യിക്കുന്ന ഈ അവസരത്തിൽ, ലോകത്തിന്റെ ഭാവി എന്തായിരിക്കും എന്ന് സകലരും ആശങ്കാപൂർവ്വം ആരായുന്നുണ്ടായിരിക്കും. "ലോകം എങ്ങോട്ട്" എന്ന ചോദ്യം സകല മനുഷ്യഹൃദയങ്ങളേയും അലട്ടുന്ന ഒന്നാണ്. സാമ്രാജ്യദുഷ്പ്രഭുത്വത്തിന്റെയും, ഫാസിസത്തിന്റെയും മരണഗോഷ്ടി ആണ് ഇന്നത്തെ ഈ യുദ്ധം. മനസ്സ് മടുക്കുന്നതുവരെ കൊല ചെയ്യാനുള്ള സൌകര്യം മനുഷ്യന് ഇപ്പോഴുണ്ട്. അവന് തൃപ്തിയാകുന്നതുവരെ ഹിംസ ചെയ്തുകൊള്ളണം. മേലാൽ ഇതു സാദ്ധ്യമല്ലായിരിക്കും. ഭാവിലോകം അതിന് ഇടം ഇടുകയില്ല. ഘോരമായ സമരമാരി ഇതോടുകൂടി അവസാനിക്കും. ലോകം ഹിംസാരഹിതമായി ചമയും.

ഇന്നത്തെ മനുഷ്യസമുദായത്തെ മുതലാളികൾ എന്നും തൊഴിലാളികൾ എന്നും രണ്ടായി തരം തിരിക്കാം. മുതലാളികൾ എന്നു പറയുന്നവരുടെ ജീവിതം സുഖകരമാക്കുന്നതിന് തൊഴിലാളികൾ വേല ചെയ്യണം—പട്ടിണികിടന്നുകൊണ്ടു വേല ചെയ്യണം. ലോകത്തുള്ള സകല സുഖസൌകര്യങ്ങളും മുതലാളിമാർക്കു മാത്രം അവകാശപ്പെട്ടതാണെന്നാണ് അവരുടെ വിശ്വാസം. ധാന്യങ്ങളും ഫലങ്ങളും എങ്ങിനെ മനുഷ്യന് ആഹാരസാധനങ്ങളായിത്തീരുന്നുവോ, അതുപോലെ ഈ വകക്കാരുടെ സുഖജീവിതത്തെ പോഷിപ്പിക്കുന്നതിന് തൊഴിലാളികളുടെ വിയർപ്പുതുള്ളികൾ വ്യയം ചെയ്യണമെന്നാണു ഇരിക്കുന്നത്. ഇവർ (തൊഴിലാളികൾ) പട്ടിണി കിടന്നു പൊരിയുമ്പോൾ മുതലാളിമാർ സുഖലോലുപരായി കഴിയുന്നു; നിശാസമയങ്ങളിൽ നിദ്രചെയ്യുന്നതിന് ഒരു ചെററക്കുടിലു പോലുമില്ലാതെ ആ പാവം വലയുമ്പോൾ ഈ യജമാനന്മാർ രമ്യഹർമ്മങ്ങളിൽ, ആനന്ദദായകങ്ങളായ സാഹചര്യങ്ങളോടുകൂടി ഉന്മേഷപൂർവ്വം ജീവിക്കുന്നു. മഹാരോഗങ്ങളാൽ ഗ്രസ്തരാണെങ്കിലും, ശുശ്രൂഷിക്കുന്നതിനോ, ചികിത്സിക്കുന്നതിനോ ആളില്ലാതെ ഒരു കൂട്ടർ വലയുമ്പോൾ, ഇതരർ സേവകസംഘങ്ങളോടും, ആരോഗ്യദായകങ്ങളായ ചുററുപാടുകളോടും കൂടി ജീവിക്കുന്നു. ഇന്നു ലോകത്തിൽ നിലവിലിരിക്കുന്ന സകല ചീത്തത്തരങ്ങൾക്കും നിദാനം അതൃപ്തികരമായ ഈ ധനവിഭജന സമ്പ്രദായമാണ്. ധനവാനെന്നും, നിർദ്ധനനെന്നുമുള്ള വ്യത്യാസം എന്നു ലോകത്തിലില്ലാതായിത്തീരുന്നുവോ, അന്നു മാത്രമേ ലോകത്തുനിന്നു അക്രമവും അന്യായവും തിരോഭവിക്കയുള്ളു.

മനുഷ്യൻ ഹിംസാപ്രണയി അല്ല. പക്ഷെ ചുററുപാട് അവനെ ഹിംസാവിമുഖനല്ലാതാക്കുന്നു. ഷോളോക്കോവ് (Sholokhov) എന്ന റഷ്യൻ സാഹിത്യകാരന്റെ "ടിഖിഡോൺ" (Tikhi Don) എന്ന കൃതിയിലെ നായകനായ ഗ്രിഗർ (Gregor) ഈ തത്വം വെളിവാക്കുന്നു. ഗ്രിഗർ ഒരു യോദ്ധാവായിതീരുന്നു. റഷ്യാക്കാരും, ജർമ്മൻകാരുമായുണ്ടായ ഒരു ചെറിയ സമരത്തിൽ ജർമ്മൻകാർ പരാജിതരായി. ഗ്രിഗർ ഒരു ജർമ്മൻ ഭടനെ പിൻതുടർന്ന് കൊല ചെയ്തു. ആ ജർമ്മൻകാരന്റെ ഗളത്തിൽനിന്നു പ്രവഹിച്ച ചുടുചോര ഗ്രിഗറെ അന്ധനാക്കി. അയാളുടെ ഹൃദയം വിറച്ചു. അക്ഷികൾ അശ്രുകലുഷിതങ്ങളായി. അയാൾ നിശ്ചലനായി നിന്നുപോയി. താൻ ഒരു മനുഷ്യജീവിതത്തെ അസ്തമിപ്പിക്കുകയാണ് ചെയ്തതെന്ന് മനസ്സിലാക്കിയപ്പോൾ അയാളുടെ സകല നാഡികളും പ്രവർത്തനശൂന്യങ്ങളായി ഭവി

ച്ചു. ദിവസങ്ങൾ ചിലതു കഴിഞ്ഞു. ഗ്രിഗർ ഇപ്പോൾ സദാസമയവും യുദ്ധക്കളത്തിലാണ്. മരണസമയത്തു മനുഷ്യൻ കാട്ടുന്ന വികൃതചേഷ്ടകളോ, ബഹുശതം മനുഷ്യവക്ത്രങ്ങളിൽ നിന്നും അനുസ്യൂതമായി നിർഗ്ഗളിക്കുന്ന ദീനരോദനങ്ങളോ അയാളെ ഇളക്കുന്നില്ല. ഇതാണ് ചുററുപാടുകൾക്ക് മനുഷ്യഹൃദയങ്ങളിൽ വരുത്തുവാൻ സാധിക്കുന്ന ഭീകര മാററം.

എങ്ങിനെ എങ്കിലും ജീവിക്കണമെന്നാണ് മനുഷ്യന്റെ ആശ. ജീവിക്കുവാൻവേണ്ടി എന്തു നീചപ്രവൃത്തി ചെയ്യുന്നതിനും അവൻ തയ്യാറാണ്. ഒരുവൻ സുഖമായിജീവിക്കുമ്പോൾ അവന്റെ അയൽക്കാരൻ ദുരിതപൂർണ്ണമായ ഒരു ജീവിതം നയിക്കുന്നു. ധനികന്റെ കുട്ടികൾ കളിപ്പാട്ടങ്ങൾക്കും, വിശേഷ വസ്തുക്കൾക്കും വേണ്ടി മുറവിളി കൂട്ടുമ്പോൾ, ഇവന്റെ കുട്ടികൾ വയറുപൊരിഞ്ഞിട്ട് കണ്ണീരൊഴുക്കുന്നു. തന്റെയും, അയൽക്കാരന്റെയും സ്ഥിതികൾക്കുള്ള വ്യത്യാസം അവന്റെ ഹൃദയത്തെ വജ്രകഠിനമാക്കുന്നു. അവൻ എന്ത് അക്രമത്തിനും, കൊലപാതകത്തിനുപോലും തയ്യാറാകും. ന്യായമായി—മാന്യമായി തൊഴിൽ ചെയ്താൽ അവനും അവന്റെ കുടുംബാംഗങ്ങൾക്കും അഷ്ടികഴിക്കുവാനുള്ള വക കിട്ടുകയില്ല. നേരം വെളുത്താൽ വൈകുന്നതുവരെ വേല ചെയ്തിട്ട് കൂലിക്കുവേണ്ടി വരുന്നസാധു കൂലിക്കാരന്റെ അടുത്ത് "നാളെയാകെട്ടെ" എന്നു പറയുന്നതിന് ഈ യജമാനന്മാർക്കു യാതൊരു വിഷമവും ഇല്ല. വെറും കയ്യോടെ അവൻ വീട്ടിലേക്കു ചെല്ലുമ്പോഴത്തെ പരിതാപകരമായ അവസ്ഥ ആലോചിച്ചു നോക്കുമ്പോൾ, അവന്റെ ഹൃദയം കക്കശമാകുന്നതിനോ, അവനു മുതലാളി വർഗ്ഗത്തോടു വിദ്വേഷം ജനിക്കുന്നതിനോ, അവനെ കുററപ്പെടുത്തുന്നതിന് ഹൃദയമുള്ള ഒരുവനും സാദ്ധ്യമല്ല. എന്നാൽ മുതലാളിയുടെ സുഖസൌകര്യങ്ങളെ ലാക്കാക്കി നിർമ്മിച്ചിട്ടുള്ള നിയമം, അതിന്റെ കരാളകരങ്ങൾ നീട്ടി അവനെ കൂരിരുൾ നിറഞ്ഞ കാരാഗൃഹത്തിലേക്കു തള്ളുകയാണ് സാധാരണ ചെയ്യുന്നത്. അവന്റെ അനാഥരായ കുടുംബാംഗങ്ങളെ കുറിച്ച് ഈ നിയമാധികാരികൾ യാതൊന്നും അന്വേഷിക്കുന്നില്ല. ഇവരെല്ലാം ദൈവത്തിന്റെ ന്യായാസനത്തിന്റെ മുൻപിൽ തലകുനിച്ച് നിൽക്കുന്ന കാഴ്ച, ആലോചിച്ചാൽ കാണാവുന്നതാണ്.

വള്ളത്തോൾ പറയുന്നതുപോലെ :—

"ചെങ്കോലുകൾ തൻ പെരുമ താണു തുടങ്ങി, മേലിൽ
മർത്ത്യനു മർത്ത്യനടിപെട്ടു കിടക്കുകില്ല ;
ഉദ്ബുദ്ധമായ് പ്പിറുപിറുക്കുവതുണ്ടിവന്റെ—
യാത്മാവു ലോകമിതയാൾക്കുമെനിക്കുമൊപ്പം."

ഈ സമത്വബോധം ലോകമാസകലം താമസിയാതെ വ്യാപിക്കും. അതായത് ലോകർ മുഴുവൻ "സോഷ്യലിസ"ത്തിന്റെ പരമമായ ആവശ്യം മനസ്സിലാക്കും. മുതലാളിത്വത്തെ ബഹിഷ്കരിച്ച്, തൽസ്ഥാനത്തു സോഷ്യലിസത്തെ സ്ഥാപിക്കുന്നതിന് അതിഭയങ്കരമായ ഒരു വിപ്ലവം ഉണ്ടാകണം. അനേകമനേകം ജീവിതത്തെ അതിൽ ബലികഴിക്കേണ്ടി വരും. പക്ഷെ അത് മനുഷ്യസമുദായോന്നമനത്തിലാണെന്ന് ഏവർക്കും ആശ്വാസപ്പെടാം. ചിലർക്ക് ഇതൊരു കഥയില്ലാത്ത സ്വപ്നമായി തോന്നിയേക്കാം. എന്നാൽ അതങ്ങിനെ അല്ല. എന്തെന്നാൽ ഇന്നു ലോകത്തിലുള്ള "കമ്യൂണിസ്റ്റ്"കളുടെ സംഖ്യയോ, ശക്തിയോ എത്രമാത്രമുണ്ടെന്ന് ആർക്കും അറിയാൻ വയ്യ. അവർ ഓരോ ദിവസവും എത്ര ഹൃദയത്തിലാണ് വിപ്ലവബീജം വിതയ്ക്കുന്നത് എന്നും ആർക്കും

അറിവില്ല. എന്നാൽ എല്ലാവക്കും ഒന്നറിയാം. അതായത് "കമ്യൂണിസ്ററ"കൾ എന്നൊരു വകക്കാരുണ്ടെന്നും, അവർ നിയമത്തിൻെറ പിടിയിൽ അമരാതെ ശ്രദ്ധമായി എന്തെല്ലാമോ ചെയ്യുന്നുണ്ട് എന്നും. അതിൻെറ ഫലം അനുഭവിച്ചു കഴിയുമ്പോൾ മാത്രമെ ഇവരുടെ പ്രവത്തനത്തിൻെറ പരിമിതി എത്ര വിശാലമാണെന്നുള്ളത് സാമാന്യലോകത്തിന് മനസ്സിലാകയുള്ളു.

"സോഷ്യലിസ"ത്തിൻെറ വിജയപതാക ലോകമാസകലം പാറിത്തിളങ്ങുന്നതോടുകൂടിത്തന്നെ വേറെ ഒരു ആശാജനകമായ സംഭവംകൂടി ഉണ്ടായേക്കാം. അതായത് വിവിധകാലദശകൾ, വിവിധ ദേശങ്ങൾ, വിവിധജനങ്ങൾ എന്നിവ ഒന്നിച്ചിണങ്ങി നില്ക്കുന്ന അവസ്ഥ. അപ്പോൾ മനുഷ്യസേവനമാണ് ഏററവും മഹത്തായ പുണ്യകമ്മമെന്ന് ഓരോ വ്യക്തിയും മനസ്സിലാക്കി, മനുഷ്യനെ ഏകഭാവേന സ്നേഹിക്കുവാനും സഹായിക്കുവാനും തുനിയും. നിറമോ, ഭാഷയോ, അതിത്തിയോ അതിനെ തടസ്സപ്പെടുത്തുകയില്ല. ലോകത്തുള്ള സകല രാജ്യക്കാക്കും തുല്യമായ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുവാൻ തയാറുള്ള ഒരു സവ്വരാജ്യസഖ്യസഭ രൂപീകൃതമാകും. അതിൻെറ പരിണതഫലമായിട്ട് അഹിംസയും, അക്രമരാഹിത്യവും സകലയിടത്തും കളിയാടും. ലോകം സംസ്കാരസമ്പന്നവും, മലിനരഹിതവും ആയ ഒരു ഭാവിയിലേക്ക് ത്വരിതഗമനം ചെയ്യും. ഇങ്ങിനെ ഭാസുരമോഹനമായ ഒരു ഭാവിയെ സൃഷ്ടിക്കുന്നതിന് നാമെവരും കടപ്പെട്ടവരാണ്. അതിനാൽ നമ്മുടെ കത്തവ്യനിവ്വഹണത്തിനായി, നമുക്കെല്ലാവക്കും തയാറാകാം.

P. Gopalakrishna Pillai,
Class IV.

## "ചിരി"

ഒരിക്കലെങ്കിലും കരയാത്ത മനുഷ്യൻ ലോകത്തിലില്ല ; അതുപോലെതന്നെ ഒരിക്കലെങ്കിലും ചിരിക്കാത്തവരുമില്ല. ഭ്രാന്തന്മാർ പോലും, അത്ഥമില്ലാതെയാണെങ്കിലും, പലപ്പോഴും ചിരിക്കാറുണ്ട്. മൃഗങ്ങൾ ചിരിക്കാറില്ലത്രേ. എന്തായാലും ചിരിക്കാത്തയാൾ തീച്ചയായും ഒരു മൃഗം തന്നെ.

എല്ലാവരും ചിരിക്കുമെങ്കിലും പലരുടെയും ചിരി പലതരത്തിലാണ്. ചിലക്കു മന്ദഹസിക്കുന്നതാണിഷ്ടം ; വേറെ ചിലക്കു 'ഹ! ഹ! ഹ!' എന്നു തുറന്നു ഉച്ചത്തിൽ ചിരിക്കണം. മററു ചിലക്കു പൊട്ടിച്ചിരിച്ചേമതിയാവൂ. വാതുറന്നു ചിക്കുണ്ണിയെപ്പോലെ പല്ലു മുഴവൻ വെളിയിൽ കാണിച്ചും എന്നാൽ ശബ്ദമുണ്ടാക്കാതെയും ചിരിക്കുന്ന കൂട്ടരുമുണ്ട്.

ചിരി പലവിധത്തിലുണ്ടെങ്കിലും 'പുഞ്ചിരി'യുടെ മാഹാത്മ്യം ഒന്നു വേറെ തന്നെയാണ്. "ഇന്ദിരാ തന്നുടെ പുഞ്ചിരിയായൊരു, ചന്ദ്രിക" മെയ്യിൽ പരക്കുമ്പോൾ മഹാവിഷ്ണുവിനു തന്നെ ഒരു നവ്യ തേജസ്സുണ്ടാകുന്നു. പല്ലു മുളയ്ക്കാത്ത ശിശുവിൻെറ ചിരി—മോണ കാണിച്ചുകൊണ്ടുള്ള ആ മന്ദഹാസം— കണ്ടാൽ,

"അമ്മയ്ക്കു മാത്രമല്ലാക്കുമേ ചെന്നെടു-
ത്തുമ്മ വച്ചിട്ടുവാൻ തോന്നുമല്ലോ."

പല്ലുപോയ വൃദ്ധന്മാരുടെ ചിരിക്കും ചില പ്രത്യേകതകളുണ്ട്. മഹാത്മജിയുടെ നിഷ്കളങ്കമായ പുഞ്ചിരിയാണിതിനു മകുടോദാഹരണം. അദ്ദേഹത്തിൻെറ ഛായാപടങ്ങളെല്ലാംതന്നെ പുഞ്ചിരിപ്പൂനിലാവിനാൽ അലംകൃതമാണ്. പ

ക്കേ പുഞ്ചിരിയുടെ വിളയാട്ടം ഇവിടെയെങ്ങുമല്ല. പെൺകുട്ടികളുള്ള ക്ലാസ്സിൽ പഠിക്കണം എന്നാലറിയാം മന്ദഹാസത്തിന്റെ വിലയും നിലയും. ചീകി മിനുക്കി വാളന്റിഷ്ടു തലമുടി ചെമ്മരിയാടിന്റെ കൊമ്പുപോലെ ചുരുട്ടി നെററിയിൽ വച്ച്, മുഖമൊക്കെ 'കുട്ടിക്കുറാ പൗഡർ' കൊണ്ട് വെള്ളയടിച്ച്, സെൻററിൽ കുളിച്ച്, കണ്ണടയും, ഓട്ടോ ചുവട്ട വയ്ക്കുമ്പോഴും "ഷർ, ഷർ" എന്നു കരയുന്ന ഷൂസും ധരിച്ചു വരുന്ന ചില "ഓമനക്കുഴമ്പന്മാർ" എല്ലാ ക്ലാസ്സുകളിലും കാണും. മലയാളം പണ്ഡിതർ 'ആര്യദ്രാവിഡവാഗ്ജാതാ കേരളീയോക്തി കന്യകാ' എന്ന മതത്തെ സയുക്തികം ഖണ്ഡിക്കുമ്പോഴും, ഇംഗ്ലീഷ് ലക്ചറർ "ഹാംലററി"ന്റെ സ്വഭാവനിരൂപണം ചെയ്യുമ്പോഴും, ഇക്കൂട്ടർ ക്ലാസിൽ പെൺകുട്ടികൾ ഇരിക്കുന്ന ഭാഗത്തേക്കു നോക്കി അങ്ങനെ പുഞ്ചിരി തൂകിക്കൊണ്ടിരിക്കുന്നതു കാണാം. ഇതിനു പ്രതിഫലം വേണമെന്നവർക്കു നിർബ്ബന്ധമില്ല. കിട്ടിയാൽ വിരോധവുമില്ല. എന്നാൽ ഈ മാതിരി പുഞ്ചിരി ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. അന്നു മുതല്ക്കേ ഉള്ളതാണ്. എന്നുമുതൽ? ആദാമപ്പൂപ്പൻ ഏദൻ തോട്ടത്തിൽ വിഹരിച്ച ആ കാലം മുതൽ. ആദ്യമായി 'ഹവ്വാ ദേവി'യെ കണ്ടപ്പോൾ ആ നരവംശസ്ഥാപകൻ ഉള്ളം കുളിർത്തു പുഞ്ചിരി തൂവിയിരിക്കണം. അങ്ങനെ 'ശൃംഗാരസ്മിതം' ഉൽഭവിച്ചു.

സ്ത്രീകൾക്കു ആവശ്യമെന്നു തോന്നുമ്പോഴൊക്കെ ലഭിക്കുന്ന ഒരു സ്വത്താണ് കണ്ണുനീരെന്ന് ഒരു മഹാൻ പറഞ്ഞിട്ടുണ്ട്; അഥവാ പറഞ്ഞിട്ടില്ലെങ്കിലും അതൊരു പരമാർത്ഥമാണ്. മന്ദഹാസത്തിന്റെ കാര്യവും ഏകദേശം ഇതുപോലെതന്നെയാണ്. ഒരു സ്ത്രീക്കു പെട്ടെന്നു മന്ദഹസിക്കുവാൻ കഴിയും; അതൊരു സാംക്രമികരോഗം പോലെ പുരുഷന്റെ മുഖത്തേക്കു പകരുകയും ചെയ്യും. 'താറാവിന്റെ നടപ്പിലും, പോത്തിന്റെ കിടപ്പിലും' കവിത കാണുവാൻ കവിഹൃദയം വേണം. പക്ഷേ കാര്യസിദ്ധിക്കായി ഭർത്താവിന്റെ മുമ്പിൽ കണ്ണുനീർ തൂവുന്ന നവോഢയ്ക്കു അന്തർഗ്ഗതലാഭമുണ്ടാകുമ്പോൾ മുഖത്തുദിക്കുന്ന മന്ദഹാസത്തിലെ കവിത ഏതരസികനും അനുഭവിക്കാൻ കഴിയും.

സ്ത്രീകൾ പൊതുവേ കുന്ദേന്ദുമന്ദസ്മിതവും, അടക്കിയ ചിരിയുംകൊണ്ടു തൃപ്തിപ്പെടുന്നവരാണെന്ന അഭിപ്രായം തെററാണ്. സൌകര്യം കിട്ടിയാൽ ഉച്ചത്തിൽ ചിരിക്കാൻ അവർക്കും ഉത്സാഹമുണ്ട്. ബാലികാബാലന്മാർക്കു പൊട്ടിച്ചിരിക്കുന്നതിലാണ് കൌതുകം. എങ്കിലും അപ്പുഴപ്പോഴായി ചെഞ്ചുണ്ടുകൾ തെല്ലൊന്നു വിടർത്തി, ദന്തധാവള്യത്തെ സ്പഷ്ടമാക്കി, കവിൾത്തടങ്ങളിൽ ചില ചുഴികളോടെ ഉദയം ചെയ്യുന്ന സ്മിതം ആരെയാണ് ആനന്ദസമുദ്രത്തിൽ ആറാടിക്കാത്തത്?

ഗൌരവസ്വഭാവക്കാർ പ്രായേണ മന്ദഹാസപ്രിയന്മാരാണ്. ഹിററ്ലറുടെ മുഖത്തു വളരെ അപൂർവ്വമായിട്ടേ മന്ദഹാസം പ്രത്യക്ഷപ്പെടാറുള്ളൂ. സ്റ്റാലിൻ ചിരിച്ചാലും കണ്ണിന്റെ പ്രഭാമാന്ദ്യം നിമിത്തം അത്ര സ്പഷ്ടമാകുമെന്നു തോന്നുന്നില്ല. മഹാത്മജിയുടെ മന്ദഹാസം സുപ്രസിദ്ധമാണ്. ജവഹർലാലിനും നന്നായി മന്ദഹസിക്കുവാൻ കഴിയുമെന്ന് അദ്ദേഹത്തിന്റെ പല ഛായാപടങ്ങളും തെളിയിക്കുന്നു. ചിരിക്കാനും ചിരിപ്പിക്കാനും കഴിയുന്ന ആളാണ് രാജാജി.

"പച്ചച്ചിരി", "കൊലച്ചിരി", "കള്ളച്ചിരി" എന്നിങ്ങനെയും ചിരിക്കു ചില വിഭാഗങ്ങളുണ്ട്. പ്രസംഗപീഠത്തിൽ കയറി ഞെളിഞ്ഞുനിന്ന് അബദ്ധങ്ങൾ എഴുന്നെള്ളിച്ചിട്ട് അതു പരസ്യമാകുമ്പോൾ ചിരിക്കുന്ന ചിരിയാ

ണ് 'പച്ചച്ചിരി.' ക്ലാസ്സിൽ ആദ്യമായി വരുന്ന അദ്ധ്യാപകനെ വിഷമിപ്പിക്കുവാൻ അദ്ധ്യേതാക്കൾ ചില മാർജ്ജാരസ്വരങ്ങളും മററും കരുതിക്കൂട്ടി പ്രയോഗിക്കുമ്പോൾ അദ്ധ്യാപകന്റെ മുഖത്തു ഒരു പച്ചച്ചിരി കാണാം. ഈ ചിരിക്കു ചുററും ഒരു 'മഞ്ഞളിപ്പു' തെളിഞ്ഞു നില്ക്കുന്നുണ്ടാവും. ഇനിയും ചിലരുടെ

"പുഞ്ചിരിപ്പൂത്തു കാന്തികൾ പൂനിലാവു
വണങ്ങണം
നെഞ്ചകത്തുള്ളുഴക്കോർത്താൽ വിഷം
പീയൂഷമായ്‌വരും." ഈ ചിരിയാണ് കൊലച്ചിരി. നമ്മോടു വിരോധമുള്ളപ്പോഴും മന്ദഹസിക്കുന്നവനെ സൂക്ഷിക്കണം. അവന്റെ ചിരി കൊലച്ചിരിയാണ്. കുട്ടികൾക്കു ചില 'കള്ളച്ചിരികളു'ണ്ടു. സ്ത്രീകളും ചിലപ്പോൾ ചില കള്ളച്ചിരി ചിരിക്കാറുണ്ട്. 'പരിഹാസച്ചിരി' എന്നൊരു മാരണമുണ്ട്. അയ്യോ! അതിനിരയായിത്തീർന്നവർക്കേ അറിയാവൂ അതിന്റെ തീവ്രത!

കാര്യംകൂടാതെ ചിരിക്കുന്നവരെയും കാര്യമുള്ളപ്പോൾ ചിരിക്കാത്തവരെയും ഒരിക്കലും വിശ്വസിക്കരുത്. എന്നാൽ ചിരിവന്നാലും ചിരിക്കരുതാത്ത ചില സന്ദർഭങ്ങളുണ്ട്; ചിരിക്കണമെന്നു തോന്നിയില്ലെങ്കിലും ചിരിക്കേണ്ട ചില സന്ദർഭങ്ങളുമുണ്ട്. ഒരു മേലുദ്യോഗസ്ഥനു ഹിമാലയൻ വിഡ്ഢിത്തം പററിയാലും കീഴുദ്യോഗസ്ഥൻ ചിരിച്ചുകൂടാ. പക്ഷെ സീനിയർ ഉദ്യോഗസ്ഥൻ ഏതു ശുഷ്കഫലിതം പറഞ്ഞാലും ജൂനിയർ ചിരിച്ചേ മതിയാവൂ. ഒരിക്കൽ ഒരു ഇൻസ്പെക്ടരുടെ 'കൊച്ചമ്മയും', കാൺസ്ററബിളിന്റെ 'ഭാര്യയും' 'സേവ്യസേവികാ'ഭാവത്തിൽ ബീച്ചിൽ കൂടി നടക്കുകയായിരുന്നു. ഒരു മാസം മുൻപു കോളേജിൽനിന്നു വെളിയിൽ വന്ന ബിരുദധാരിണിയായിരുന്നു കൊച്ചമ്മ; കാൺസ്ററബിളിന്റെ ഭാര്യ ഏഴാം ക്ലാസ്സുകാരിയും. ഞങ്ങൾ മൂന്നുനാലു പേർ അന്നും ബീച്ചിൽ കാററുകൊള്ളാനെന്ന വ്യാജേന ഹാജരുണ്ടായിരുന്നു. ഞങ്ങളുടെ സമീപമെത്തിയപ്പോൾ, കോളേജുജീവിതത്തെപ്പററി സ്മരിച്ചിട്ടോ എന്തോ 'ഹൈഹീൽഡ് ഷൂ"സിട്ടിരുന്ന പാദങ്ങൾ പരസ്പരം തട്ടി കൊച്ചമ്മ വീഴാൻ ഭാവിച്ചു. സംഭ്രമത്തിനിടയിൽ കൊച്ചമ്മയുടെ കണ്ണട താഴെ വീണുപോയി. കയ്യിലിരുന്ന 'ലേഡീസംബ്രല'യും താഴെ വീണു. അതൊക്കെ സഹിക്കാം, കോളേജുജീവിതകാലം മുഴുവൻ ഞങ്ങളെ കാണിക്കാതെ വച്ചിരുന്ന ആ കോങ്കണ്ണു ഞങ്ങൾ പ്രത്യക്ഷമായി കണ്ടുപോയി. ഞങ്ങളൊക്കെ ഉച്ചത്തിൽ ചിരിച്ചു. കഷ്ടകാലത്തിനു—അല്ലാതെ എന്താണു പറയേണ്ടതു്—ആ കോൺസ്ററബിളിന്റെ ഭാര്യയും ഒന്നു ചിരിച്ചു. അന്നേ മൂന്നാം ദിവസം ഞങ്ങൾ പത്രത്തിൽ വായിച്ചു, കോൺസ്ററബിളിനെ "ചില ഔദ്യോഗിക വീഴ്ചകൾക്കായി" സസ്പെൻഡു ചെയ്തിരിക്കുന്നെന്നു. നോക്കണേ! ഒരു ചിരി വരുത്തിക്കൂട്ടിയ നാശം.

പി. ചന്ദ്രശേഖരൻ നായർ
Old Student

ണ് 'പച്ചച്ചിരി.' ക്ലാസ്സിൽ ആദ്യമായി വരുന്ന അദ്ധ്യാപകനെ വിഷമിപ്പിക്കുവാൻ അദ്ധ്യേതാക്കൾ ചില മാർജ്ജാരസ്വരങ്ങളും മററും കരുതിക്കൂട്ടി പ്രയോഗിക്കുമ്പോൾ അദ്ധ്യാപകൻെറ മുഖത്തു ഒരു പച്ചച്ചിരി കാണാം. ഈ ചിരിക്കു ചുററും ഒരു 'മഞ്ഞളിപ്പു' തെളിഞ്ഞു നില്ക്കുന്നുണ്ടാവും. ഇനിയും ചിലരുടെ

"പുഞ്ചിരിപ്പൂത്തു കാന്തിക്കു പൂനിലാവു വണങ്ങണം
നെഞ്ചകത്തുള്ളുഴക്കോർത്താൽ വിഷം
പീയൂഷമായ് വരും."

ഈ ചിരിയാണ് കൊലച്ചിരി. നമ്മോടു വിരോധമുള്ളപ്പോഴും മന്ദഹസിക്കുന്നവനെ സൂ [illegible] ചിരിയാണ്. കുട്ടികൾക്കു ചില 'കള്ളച്ചിരി'കളുണ്ട്. സ്ത്രീകളും ചിലപ്പോൾ ചില കള്ളച്ചിരി ചിരിക്കാറുണ്ട്. 'പരിഹാസച്ചിരി' എന്നൊരു മാരണമുണ്ട്. അയ്യോ! അതിനിരയായിത്തീർന്നവർക്കേ അറിയാവൂ അതിൻെറ തീവ്രത!

കാര്യംകൂടാതെ ചിരിക്കുന്നവരേയും കാര്യമുള്ളപ്പോൾ ചിരിക്കാത്തവരേയും ഒരിക്കലും വിശ്വസിക്കരുത്. എന്നാൽ ചില ചിരിവന്നാലും ചിരിക്കരുതാത്ത ചില സന്ദർഭങ്ങളുണ്ട്; ചിരിക്കണമെന്നു തോന്നിയില്ലെങ്കിലും ചിരിക്കേണ്ട ചില സന്ദർഭങ്ങളുമുണ്ട്. ഒരു മേലുദ്യോഗസ്ഥനു ഹിമാലയൻ വിഡ്ഢിത്തം പററിയാലും കീഴുദ്യോഗസ്ഥൻ ചിരിച്ചുകൂടാ. പക്ഷെ സീനിയർ ഉദ്യോഗസ്ഥൻ ഏതു ശുഷ്കഫലിതം പറഞ്ഞാലും ജൂനിയർ ചിരിച്ചേ മതിയാവൂ. ഒരിക്കൽ ഒരു ഇൻസ്പെക്ടരുടെ 'കൊച്ചമ്മയും', കാൺസ്റ്റബിളിൻെറ 'ഭാര്യയും' 'സെവ്വ്യസെ [illegible] കയായിരുന്നു. ഒരു മാസം മുൻപു കോളേജിൽനിന്നു വെളിയിൽ വന്ന ബിരുദധാരിണിയായിരുന്നു കൊച്ചമ്മ; കാൺസ്റ്റബിളിൻെറ ഭാര്യ ഏഴാം ക്ലാസ്സുകാരിയും. ഞങ്ങൾ മൂന്നുനാലു പേർ അന്നും ബീച്ചിൽ കാററുകൊള്ളാനെന്ന വ്യാജേന ഹാജരുണ്ടായിരുന്നു. ഞങ്ങളുടെ സമീപമെത്തിയപ്പോൾ, കോളേജു ജീവിതത്തെപ്പററി സ്മരിച്ചിട്ടോ എന്തോ 'ഹൈഹീൽഡ് ഷൂ'സിട്ടിരുന്ന പാദങ്ങൾ പരസ്പരം തട്ടി കൊച്ചമ്മ വീഴാൻ ഭാവിച്ചു. സംഭ്രമത്തിനിടയിൽ കൊച്ചമ്മ [illegible] വീണ്ടുംപോയി. ക [illegible] വീണു. അതൊക്കെ സഹിക്കാം, കോളേജുജീവിതകാലം മുഴുവൻ ഞങ്ങളെ കാണിക്കാതെ വച്ചിരുന്ന ആ കോങ്കണ്ണു ഞങ്ങൾ പ്രത്യക്ഷമായി കണ്ടുപോയി. ഞങ്ങളൊക്കെ ഉച്ചത്തിൽ ചിരിച്ചു. കഷ്ടകാലത്തിനു—അല്ലാതെ എന്താണു പറയേണ്ടതു്—ആ കോൺസ്റ്റബിളിൻെറ ഭാര്യയും ഒന്നു ചിരിച്ചു. അന്നേ മൂന്നാം ദിവസം ഞങ്ങൾ പത്രത്തിൽ വായിച്ചു, കോൺസ്റ്റബിളിനെ "ചില ഔദ്യോഗിക വീഴ്ചകൾക്കായി" സസ്പെണ്ടു ചെയ്തിരിക്കുന്നെന്നു. നോക്കണേ! ഒരു ചിരി വരുത്തിക്കൂട്ടിയ നാശം.

പി. ചന്ദ്രശേഖരൻ നായർ
Old Student

# പുഷ്പാഞ്ജലി

By
C. H. K. Namboodiri, Class III.

നിഗമതാരം തിങ്ങും നിർമ്മലവിഹായസ്സിൽ
നിറവെൺകതിർ ചിന്നും പൂന്തിങ്കൾ കാന്തിചാർത്തി
ഊഴിയെ പ്രണയത്തിൽ കോൾമയിർ കൊള്ളിച്ചാത്മ
ചൈതന്യപ്രകാശത്താൽ ലസിക്കും തേജഃപുഞ്ജം
കൂട്ടമുൾക്കൂപ്പം വാനപ്പൂവനം തളിർപ്പിക്കെ
നേടിയെത്രയോ പാരമാനന്ദമത്യുൽകൃഷ്ടം.

ആദർശസുമഗന്ധമന്തരീക്ഷത്തിൽ നിത്യ
മാദരാൽ പുകളാർന്നപ്പൂന്തെന്നൽ പരത്തുമ്പോൾ
പശ്ചിമാംബുധി ക്കോളിലലക്കു മലമാല
പുഷ്ടഭാവത്താൽ നുരപ്പുഞ്ചിരി പൊഴിക്കുന്നു.
സർവ്വസൗഭ്രാത്രമാം പൂങ്കിളി തൻചിറകടി
സർവ്വദാ സ്വയമാശാപഥവും ലംഘിച്ചെത്തി
ആകുലചേതസ്സുകൾക്കാശ്വാസമരുളിയാ
നാകത്തിൻകവാടത്തിൽ മാറ്റൊലിക്കൊണ്ടിടുന്നു !....

ത്യാഗമേ! ഭരതോർവ്വി നേടിയ പുണ്യത്തിന്റെ
യോഗമേ, സ്വാതന്ത്ര്യത്തിൻ ജയ വൈജയന്തികേ!
അസ്വതന്ത്രർ തൻ മൗനഭഞ്ജന പ്രഭാതമേ
നിസ്വാർത്ഥവിജ്ഞാനൈക പ്രോജ്ജ്വലൽ പ്രദീപമേ,
വിജ്ഞാനക്ഷേത്രത്തിന്റെ താഴികക്കുടം ചൂഴും
സുജ്ഞേയപ്രചോദിത പ്രണവധ്വനി പൊങ്ങി
ശാന്തിയുമേകാന്ത വിശ്രാന്തിയുമണയുവാൻ
സന്തതം പുഷ്പാഞ്ജലി ചെയ്യുന്നു ഭക്തന്മാരാൽ.

സർവ്വദാ സൗഭ്രാത്രപ്പൂംകതിർ മാലകൾ ചിന്നി
യുർവ്വിയെ കർമ്മസാക്ഷി പുണരും സന്ദർഭത്തിൽ
ഞങ്ങളിഗ്ഗാനം ഭക്ത്യാ പാടിയിപ്പൂവാടിയിൽ
മംഗളാത്മമായ് നീളെ ചരിക്കാമെന്നായാലും !....

---

## സ്വപ്നമോ ?

മണി രണ്ടു കഴിഞ്ഞു ; ശാബതുപ്രമാണിച്ച് ഇനിയും ഏതാനും മണിക്കൂറുകൾ കൂടി "സ്വസ്ഥ"മായി കഴിക്കണം. ആഴ്ചവട്ടത്തിലെ അതി പ്രധാനമായ ഉറക്കത്തിനുള്ള അവസരം പാഴാക്കരുതല്ലോ എന്നു കരുതി ഞാൻ ശയ്യാതലം അവലംബിച്ചു. സരസ്വതിദേവി കൺമുമ്പിൽ വന്നാലുടൻതന്നെ നിദ്രാദേവി കണ്ണിനുള്ളിൽ പ്രവേശിക്കുക പതിവാകയാൽ, ആശിക്കുന്നവരോട് അടുക്കാത്ത ആ ദേവിയെ ക്ഷണിക്കുവാനായി മാത്രം ഞാൻ പഴയ കോളജ് മാസികയുടെ താളുകൾ മറിച്ചുകൊണ്ടിരുന്നു. "....... Look Control ...... മരണശയ്യയിൽ

...... Marthanda Varma Bridge ...... ...... College Day Celebrations............ ബഹു ഭൂരിപക്ഷം ആൺകുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു Mixed College ൽ പെൺകുട്ടികളുടെ സംഖ്യ അത്യധികമായിത്തീരുന്നെന്നു വിചാരിക്കുക....."

ഹാ! ആ വിചാരംതന്നെ എന്റെ മസ്തിഷ്കത്തിൽ വിദ്യുത്പ്രവാഹം ഉദ്ഭൂതമാക്കി. ആ സുന്ദരസങ്കല്പംതന്നെ എന്നെ സുഖസുഷുപ്തിയിലേക്കു നയിച്ചു ........

വലിയ ഒരു മണിനാദം കേട്ടുകൊണ്ടാണ് ഞാൻ ചാടി എണീറ്റത്. മനോഹരമായ ഒരു മാളികയുടെ വിശാലമായ ഒരു ഹാളിലാണ് ഞാൻ നിന്നത്. ആ മുറിയിലും വെളിക്കും മുറ്റത്തും പരിസരങ്ങളിലും നിരവധി യുവതികൾ തകർത്തും തിമിർത്തും നടക്കുന്നുണ്ട്. എവിടെയോ പോകുവാൻ തയ്യാറാകുന്ന യുവതികളുടെ മോടിപിടിപ്പിക്കലിന്റെ അവസാന ഘട്ടമാണ് അതെന്ന് എനിക്ക് അരക്ഷണത്തിൽ മനസ്സിലായി. ഒരു സുമുഖി ഒരു കടും നീലസ്സാരി പാഴ്സിസ്റ്റയിലിൽ ഉടുത്തതിന്റെ ഭംഗി നോക്കുന്നു. ഒരു കൊട്ടം ചുവപ്പുസാരിക്കാരി, സിലോണിസ്റ്റയിലിൽ സാരി ഉടുത്ത ഒരു യുവതിയെ പൊട്ടിടുവിക്കുന്നു. വേറൊരു രമണി മുടി മുഴുവൻ വിചിത്രമായിക്കെട്ടി പൂ ചൂടുന്നു. ആകപ്പാടെ അനിയാമകവും സർവ്വതന്ത്രസ്വാതന്ത്ര്യവുമായ യുവത്വത്തിന്റെ തള്ളൽ സർവ്വത്ര നടമാടുന്നു........

ജനലിൽക്കൂടി വെളിയിലേക്കു നോക്കിയപ്പോൾ കാണാം ഒരു അമ്പതു വാര അകലെയായി നമ്മുടെ പുതിയ ചാപ്പലും പഴയ കോളേജും! അവിടെയെല്ലാം പെൺകുട്ടികൾ തിങ്ങി നടക്കുന്നു. ഇന്നലെയും ഞാൻ പോയ ആ കോളേജ് തന്നെയോ ഇത്? അഥവാ time-machine-ൽ (ഒരു സ്ഥലത്തുനിന്നും മുന്നോട്ടോ, പുറകോട്ടോ പോകുന്ന ബസ്സു പോലെ, വർത്തമാനകാലത്തുനിന്നു ഭൂതകാലത്തേക്കോ ഭാവിയിലേക്കോ യഥേഷ്ടം സഞ്ചരിക്കുന്ന ഒരു വിശേഷ യന്ത്രം) കയറി, ഭാവനയിൽമാത്രം സ്ഥിതിചെയ്തിരുന്ന ആ ഭാവികാലത്തെ കോളേജിലേക്കു ഞാൻ വന്നുചേർന്നതാണോ?

എല്ലാവരും എവിടേക്കോ പുറപ്പെടുവാനുള്ള ഒരുക്കം കണ്ടുകൊണ്ട് "നിങ്ങൾ എവിടെ പോകയാണ്?" ഞാൻ എന്റെ ജിജ്ഞാസ പ്രകടിപ്പിച്ചു.

"അല്ല; ഇന്നു കോളേജിൽ പോകുന്നില്ലേ? അതോ, late ആയാൽ prominent ആകാമെന്നു കരുതിയാണോ?" ശിവ ശിവ! late ആയി ക്ലാസ്സിൽ പോകയോ! ഞാൻ അമ്പരന്നുപോയി.

Train-ൽ കയറുവാൻ ticket പോലെ, കോട്ടയിൽ കടക്കുവാൻ password പോലെ, പെൺകുട്ടികൾക്ക് അത്യന്താപേക്ഷിതമായ "നാണം" തീരെ ഇല്ലാതെ കൂക്കുപിടിക്കുവാൻ കച്ചകെട്ടിയ ഈ കൂട്ടരോടു ചേരുകയേ വേണ്ടെന്നു നിശ്ചയിച്ചു ഞാൻ തനിയെ കോളേജിലേക്കു തിരിച്ചു. ഗേറ്റു കടക്കുന്നതിനു മുമ്പുതന്നെ പുറകിൽ ഒരു വലിയ ലഹള കേട്ടു ഞാൻ തിരിഞ്ഞു നോക്കി. കോവണി ഇറങ്ങിവരുന്ന ആ ഘോഷയാത്രയുടെ ലഹളയാണോ ഇത്?

യൂറോപ്യൻമാതൃകയിൽ മുട്ടുവരെയുള്ള മുറിയുടുപ്പും, മുച്ചാൺ ഹീൽസുള്ള ചെരുപ്പും, മൂന്നായി പിന്നിയ മുടിയുമായി, വെള്ളയടിച്ചാലും മറയാത്ത മഷിയുടെ കറുപ്പിനെപ്പറ്റി മനസ്താപിച്ചുകൊണ്ട് ഒരു കൂട്ടം. "തെളുതെളെ" തിളങ്ങുന്ന സാരിയും, "കിറുകിറെ" കേൾക്കുന്ന ചെരുപ്പും, വാസന വീശുന്ന ചില ദ്രവ്യ വിശേഷങ്ങളുമായി മറ്റൊരു സെറ്റ്—ഇനിയും ഒരു കൂട്ടർ ഓലക്കുടയും അതിന്റെ പരിഷ്കരിച്ച പതിപ്പായ തൊപ്പിക്കുടയും, പാദകൊരടുമായി വരുന്നുണ്ട്. Latest fashion ആയ ശിരോമുണ്ഡനം

നിർവ്വഹിച്ച ചിലരെയും ആ കൂട്ടത്തിൽ കണ്ടെന്നാണ് എന്റെ ഉത്തമ ബോധം. ഏതായാലും "Miss fourteenth century" എന്ന് ഈക്കൂട്ടർ ആർത്തു് എന്നെപ്പററിയല്ലെന്നു പൂർണ്ണമായി നിശ്ചയിച്ചുകൊണ്ട് ഞാൻ വേഗം നടന്നു. എങ്ങിനെയെങ്കിലും waiting room ൽ ചെന്നു പഴയ കൂട്ടരോടു ചേർന്നിരുന്നെങ്കിൽ !

General library-യുടെ അടുത്തായപ്പോഴേക്കും അതാ, രണ്ടു ആൺകുട്ടികൾ വരുന്നു. തനിച്ചു വരുന്നതുകൊണ്ടു് "stray cat" എന്നോ 'lonely man of the desolate Island" എന്നോമററോ വിളിച്ചെങ്കിലോ എന്ന് എനിക്കു ഭയമായിരുന്നു. പക്ഷെ, അവർ വളരെ പതുങ്ങി പതുങ്ങി പോകയാണ് ചെയ്തതു ! മഹാമനസ്കത തന്നെ !!

Waiting room-ൽ പതിവുപോലെ പതിഞ്ഞ സംസാരവും ഉച്ചത്തിലുള്ള ചിരിയും കേൾക്കുന്നുണ്ട്. ഹൃദയോദ്വേഗത്തോടെ ഞാൻ ആ രക്ഷാസങ്കേതത്തിലേക്കു പാഞ്ഞണഞ്ഞു. കഷ്ടിച്ചു കാൽപ്പടിയിൽ കാൽ ചവിട്ടിക്കാണും ; അപ്പോഴേക്കും അവിടെയെല്ലാം അസുഖകരമായ ഒരു നിശ്ശബ്ദത വ്യാപിച്ചു. കർട്ടന്റെ ഇടയിൽക്കൂടി ഒരു ഷർട്ടിന്റെ അററം കണ്ടെന്ന് എനിക്കു തോന്നി. പുറകിൽ അർത്ഥം നിറഞ്ഞ ഒരു ചുമ കേട്ടുകൊണ്ടു ഞാൻ തിരിഞ്ഞു നോക്കി. Consulting library-യിൽ വായനയും ധ്യാനവുമായിക്കഴിയുന്ന വനിതാ രത്നങ്ങളും, മുകളിൽ വരാന്തയിലും ജനൽവാതിൽക്കലുംമററും സംഘംചേർന്നു നിൽക്കുന്ന മഹിളാമണികളും എന്നെ പകച്ചു നോക്കുന്നു........

മണി അടിച്ചതു കേട്ടുകൊണ്ട് ഞാൻ "സ്ത്രീകൾക്കു പ്രത്യേകം" എന്നു കല്പിച്ചിരുന്ന കല്പടിയിൽക്കൂടിക്കയറി ക്ലാസ്സിൽ പോയി. പതിവുപോലെ മുന്നണിയിലെ ബെഞ്ചിന്റെ പടിഞ്ഞാറെ അററത്തു പോയി ഇരിപ്പുമായി. ഉടനെ ഒരു മോഹിനി, മോണിട്ടറസ്സ് ആണുപോലും, വന്നു പറകയാണ് "പുറകിൽ പോയിരുന്നാൽ കൊള്ളാം ; അതു് men-students-ന് ഇട്ടിരിക്കുന്നസ്ഥലമാണ്." സ്വല്പം "feeble" ആയെങ്കിലും ഞാൻ പിൻപന്തിയിലേക്കുതന്നെ തിരിഞ്ഞു.

വീണ്ടും മണിനാദം മുഴങ്ങി. പ്രൊഫസ്സറും ക്ലാസ്സിൽക്കയറി. മൂന്നുനാലു ആൺകുട്ടികൾ ക്ലാസ്സിൽക്കയറുവാൻ മടിച്ചു കവാടത്തിൽ കാത്തുനില്പാണ്. ഒടുവിൽ അവരും ക്ലാസ്സിൽ കയറി. കുസൃതികളും, ഫലിതക്കാരും,ഫലിതം പറഞ്ഞു ഫലിപ്പിക്കുവാൻ സാമർത്ഥ്യമുണ്ടെന്ന് കരുതുന്നവരുംമററുമായ ചില വിദ്യാർത്ഥിനികളും അവരുടെ പുറകിൽ സ്ഥലം പിടിച്ചു. ഹാജരുവിളി മുറപോലെ നടന്നു. ചില ഉൽപ്പതിഷ്ണുക്കളും tradition നിശ്ചയമില്ലാത്തവരും ഒഴികെ ആരും ആൺകുട്ടികളെ വിളിക്കയില്ല. അവരെ എണ്ണി നോക്കുകയാണുപോലും. ഒരുവിധത്തിൽ സുഖമാണ്. അവരോട് ആരും ചോദ്യം ചോദിക്കയില്ല ; അഥവാ ചോദിച്ചാലും ഉത്തരം പറയുവാൻ വലിയ വിഷമമാണുപോലും !

പ്രൊഫസ്സർ അദ്ദേഹത്തിന്റെ സരസ്വതീപ്രസാദംപോലെ lecture തുടങ്ങി—ക്ലാസ്സു മുഴുവൻ ചിരിയിൽ മുഴുകുമ്പോൾ കരകവിഞ്ഞു വരുന്ന ചിരിയെല്ലാം അരമുഴം തുവാലയിൽ ഒതുക്കുവാൻ ആ പാവങ്ങൾ പെട്ട പാട്! വല്ല ആൺകുട്ടികളും ഒന്നു ചിരിച്ചുപോയാൽ "അതെന്തിനാണ് ചിരിച്ചതു്?" എന്നു പുറകിൽനിന്നു ഒരു ഗംഭീരമായ ചോദ്യം ഉണ്ടാകുന്നതു കേട്ടാൽ, ഈ സാധുക്കുട്ടികളുടെ നല്ല നടത്തയ്ക്കു ജാമ്യം കൊടുത്തിട്ടുള്ള ആരോ ആണ് (classmates അല്ലതന്നെ) പുറകിൽ ഇരിക്കുന്നതെന്നു തോന്നും. ഈ അട്ടഹാസംകൂടിക്കഴിഞ്ഞാ

ൽ പിന്നെ സർവ്വത്ര ശാന്തത, അടക്കം, ഒതുക്കം!

ക്ലാസ്സ് കഴിഞ്ഞ്, ആ കുട്ടികൾ വരാന്തയുടെ ഒരു ഒഴിഞ്ഞ മൂലയിൽ ഒതുങ്ങി നില്ക്കുകയാണ്. ക്ലാസ്സിനകത്ത് ആ പെൺപിള്ളേര് ചാടുകയും ആടുകയും ഡെസ്ക്ക് മറിക്കയും ബഞ്ച് ഒടിക്കയും ആണ്. ചിലരെല്ലാം മുജ്ജന്മവാസന കൊണ്ടോ എന്തോ ചില പക്ഷികളുടെയും മൃഗങ്ങളുടെയും ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. വേറെ ചിലർ പ്രമേയങ്ങളും പ്രതിഷേധങ്ങളും ചിത്രങ്ങളും പ്രസ്താവനകളും ബോർഡിൽത്തന്നെ പ്രകടിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നു "ചാക്കോ", "മാത്യു" എന്നെല്ലാം വ്യക്തമായി ധ്വനിക്കത്തക്കതുപോലെ ഒരു ജാതി തുമ്മൽ ആണ് എന്നെ സവിശേഷം അത്ഭുതപ്പെടുത്തിയത്. ഇതെല്ലാം കണ്ടും കേട്ടും ഈ കുട്ടികൾ ഭയത്തോടും വിറയലോടും നില്ക്കണമെന്നാണോ എന്തോ ഉദ്ദേശിക്കുന്നത്?

അവർക്കു പൊതുവെ കോളജിൽ ഒരു നല്ല സ്ഥാനം തന്നെ ഉണ്ടായിരുന്നെന്നു തോന്നുന്നു. പക്ഷെ അടഞ്ഞ സ്വാതന്ത്ര്യം, ഈ ഇരുണ്ട ആനന്ദം അവരുടെ അഭിരുചി അനുസരിച്ചല്ലെന്നു വ്യക്തമായിരുന്നു. "നടന്നുകൊണ്ടിരിക്കുന്ന ക്ലാസ്സിനെപ്പറ്റി comments അടിക്കുവാനും പുറകിൽനിന്നും വരുന്ന ചില വാക്ശരങ്ങൾക്ക് പ്രത്യസ്ത്രം പ്രയോഗിക്കുവാനും, equals ആയി കരുതപ്പെടുവാനും നിങ്ങൾക്കും ആഗ്രഹമില്ലേ?" എന്നു ചോദിക്കണമെന്നു ഞാൻ വിചാരിച്ചു. പക്ഷെ, അവരോടു സംസാരിക്കണമെങ്കിൽ, അര മൈൽ അകലെയുള്ള hostel-ൽ പോയി അഞ്ച് wardens-ന്റെ permission വാങ്ങിക്കണം പോലും!

Discussion class-നു പോകണ്ടേ? എണീറ്റേ." Sylvie-യുടെ ശബ്ദം കേട്ടുകൊണ്ടു ഞാൻ കണ്ണു തുറന്നു ........ എനിക്കൊന്നും മനസ്സിലായില്ല.... ......Settlement buildings........ എന്റെ മുറി ...... മണി 4........എന്നു്! ഇതെല്ലാം വെറും സ്വപ്നമോ?

M. P. Abraham,
*Class IV. B. Sc.*

## Our Exchange Magazines

**(3rd. Oct. '41 to 16th. Oct. '42.)**

1. Andhra Christian College Magazine, Guntur.
2. American College Magazine, Madura.
3. The Zamorin's College Magazine, Calicut.
4. The Women's Christian College Magazine, Madras.
5. The Pudukottah College Magazine, Pudukottah.
6. The Collegian, Nizam's College Magazine, Secunderabad.
7. St. Paul's College Magazine, Calcutta.
8. The Stephanian, St. Stephen's College Magazine, Delhi.
9. Madras Christian College Magazine, Madras.
10. St. Xavier's College Magazine, Bombay.
11. St. John's College Magazine, Agra.
12. The Kottayam College Magazine, Kottayam,
13. The Allahabad Farmer, Allahabad.
14. The Ewing Christian College Magazine, Allahabad.
15. St. Berchmans' College Magazine, Changanacherry.

*21st Oct., '42.*

Printed at the C. M. S. Press, Kottayam,
and published by Mr. T. I. Poonen M. A., Managing Editor, U. C. College Magazine, Alwaye.